കേരള സർക്കാർ
ഇൻഫർമേഷൻ ആൻഡ് പബ്ലിക് റിലേഷൻസ് വകുപ്പ്
ജില്ലാ ഇൻഫർമേഷൻ ഓഫീസ്, തൃശൂർ

പത്രക്കുറിപ്പ്
2020 മെയ് 06 ബുധൻ

<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<>>>

www.prd.kerala.gov.in.
videos: http://www.clipmail.kerala.gov.in
email: diothrissur@gmail.com

<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<>>

പാർട്ട് - 3

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി: വിചാരണ തടവുകാരന്റെ വക പതിനായിരം രൂപ

വിയ്യൂർ ജില്ലാ ജയിലിലെ വിചാരണ തടവുകാരന്റെ വക മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് പതിനായിരം രൂപയുടെ സംഭാവന. വിചാരണ തടവുകാരനായ കന്യാകുമാരി പത്തരവിള തെരുവ് എ സുരേഷാണ് തന്റെ 3 മാസത്തെ ജയിൽ വേതനം സംഭാവനയായി നൽകിയത്. ജയിൽ സൂപ്രണ്ട് പി ജെ സലീമിനൊപ്പം കളക്ടറേറ്റിലെത്തിയ സുരേഷ് കളക്ടറുടെ ചേമ്പറിൽ ജില്ലാ കളക്ടർ എസ് ഷാനവാസിന് ചെക്ക് കൈമാറി. എൻഡിപിഎസ് കേസിലാണ് രണ്ടര വർഷം മുൻപ് വിചാരണത്തടവുകാരനായി സുരേഷ് വിയ്യൂർ ജയിലെത്തിയത്. പത്രവാർത്തകൾ കണ്ട് പണം നൽകാൻ സുരേഷ് സന്നദ്ധത അറിയിക്കുകയായിരുന്നുവെന്ന് ജയിൽ സൂപ്രണ്ട് പി ജെ സലീം പറഞ്ഞു. ഡെപ്യൂട്ടി ജയിൽ സൂപ്രണ്ട് ശിവദാസ്, അസി. പ്രിസൺ ഓഫീസർമാരായ ബാബുരാജ്, നവീൺ വിനീഷ് എന്നിവരും സുരേഷിനൊപ്പം ഉണ്ടായിരുന്നു.

ഫോട്ടോ അടിക്കുറിപ്പ്: വിയ്യൂർ ജില്ലാ ജയിലിലെ തടവുക്കാരനായ സുരേഷ് ജയിലിലിൽ പണിയെടുത്തു കിട്ടിയ 10000 രുപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് സംഭാവന ചെയുന്നതിനായി ജില്ലാ കളക്ടർ എസ് ഷാനവാസിന് കൈമാറുന്നു

കോർപ്പറേഷൻ നിർധന രോഗികൾക്ക് സൗജന്യമരുന്നും ധനസഹായവും നൽകും

തൃശൂർ കോർപ്പറേഷൻ പരിധിയിലെ നിർധന രോഗികളിൽ ഡയാലിസിസിന് വിധേയരാകുന്നവർ, അവയവം മാറ്റി വെച്ചവർ, അർബുദ ബാധിതർ എന്നിവർക്ക് മരുന്നും ധനസഹായവും നൽകാൻ കോർപ്പറേഷൻ കൗൺസിൽ യോഗം തീരുമാനിച്ചു. ജില്ല ആശുപത്രി വഴി 18 പേർക്ക് സൗജന്യ ഡയാലിസിസ് നടത്തുന്നുണ്ട്. ഇത് അപര്യാപ്തമായതിനാൽ കോർപ്പറേഷൻ പരിധിയിലുള്ള നിർധന ഡയാലിസിസ് രോഗികൾ എവിടെ ചികിത്സിച്ചാലും സാമ്പത്തിക സഹായമായി ആശുപത്രി വഴി 1000 രൂപയും കാൻസർ രോഗികൾക്കും വൃക്ക, ഹൃദയം, കരൾ എന്നിവ മാറ്റി വെച്ചവർക്ക് ഒരുമാസം 5,000 രൂപ ധനസഹായം/മരുന്ന് നൽകും. ലോക് ഡൗൺ കാലയളവ് അവസാനിക്കുന്നതുവരെ ഇത് തുടരും.

സ്ത്രീകളുടെ സുരക്ഷയ്ക്കായി ആരംഭിച്ച ഷീ ലോഡ്ജിന്റെ പ്രവർത്തനം വിജയകരമാണെന്നും യോഗം വിലയിരുത്തി. തുടർപ്രവർത്തനം കരട് ബൈലോ അംഗീകരിച്ച് കുടുംബശ്രീയെ ഏൽപ്പിക്കാനും തീരുമാനമായി. പാലസ് ഗ്രൗണ്ടിലെ കേടുവന്ന ടർഫ് അറ്റകുറ്റപ്പണി നടത്തുന്നതിനും കൗൺസിൽ യോഗത്തിൽ തീരുമാനമായി.